# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 208

17.02.2016- ലെ മറുപടിക്ക്

## സഹകരണ മേഖലയുടെ സാദ്ധ്യതകൾ

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ
,, ബാബു. എം. പാലിശ്ശേരി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ മേഖല വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(എ) സഹകരണ മേഖലയെ സംബന്ധിച്ച് മാത്രമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യമേഖല, പട്ടികജാതി പട്ടികവർഗ്ഗ മേഖല, അച്ചടി മേഖല, തുടങ്ങിയവയെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാ ക്ഷേമ മേഖല സംബന്ധിച്ച് പഠനം നടത്തി വരുന്നു. മറ്റു മേഖലകളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപകൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖലയിൽ, കാലാനുസൃതമായി പുതിയ തലങ്ങൾ കണ്ടെത്തുന്നതിനും വെല്ലുവിളികൾ ഏറ്റെടുക്കാൻ സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനുമായി വിവിധ നടപടികൾ മേൽപഠനങ്ങളുടെ അടിസ്ഥാനത്തിലും അല്ലാതെയും സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

ബി) സഹകരണ മേഖലകൾ വഴി ധാരാളം സേവനങ്ങൾ സമൂഹത്തിനും സംസ്ഥാനത്തിനും ചെയ്യാൻ സാധിക്കുന്നത് സർക്കാർ പ്രാവർത്തികമാക്കുന്നില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സഹകരണ മേഖല വഴി ധാരാളം സേവനങ്ങൾ ഈ സർക്കാർ സമൂഹത്തിനും സംസ്ഥാനത്തിനും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും അപ്രകാരം സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി. കൂടാതെ നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള നിക്ഷേപ സമാഹരണ പദ്ധതി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം,

കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധന ങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം, ലേബർ രംഗത്ത് അപ്പക്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹ കാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക്ക് ഫണ്ട് പദ്ധതി പരിഷ്കര ണം, ഓഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘ കാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്ന് നിയമാനുസൃതം നീക്കം ചെയ്യുന്നതിനായി നടത്തിയ 'ഉണർവ്വ്' ക്യാമ്പയിൻ, സഹകരണ നിയമഭേദഗതി, വകു പ്പിന്റെ ആസ്ഥാന മന്ദിരം, 7-ാം സഹകരണ കോൺഗ്രസ്സ്/ എക്സ്പോ, വിഷൻ 2025 എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, കാർഷികസേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള "മുഖാമുഖം" പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹക രണവകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീക രിക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്ന പദ്ധതിയായ "ആലില" പദ്ധതി, ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കി കൊണ്ടുള്ള "സുവർണ്ണകേരളം" പദ്ധതി, 'മിഷൻ 676' പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിങ്ങനെ സഹകരണ സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സ്വയം സഹായ സംഘങ്ങൾക്ക് ധന സഹായം നൽകിയതും മേഖലാ അടിസ്ഥാന ത്തിൽ വിപണന മേളകൾ സംഘടിപ്പിച്ചതും, ഐ.സി.ഡി.പി പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കി വരുന്നതും വിവിധ കടാശ്വാസ പദ്ധതികൾ/ സേവനാവകാശം നിയമം നടപ്പി ലാക്കിയതും, ഓപ്പറേഷൻ കുബേര വിജയിപ്പി ക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളും, സഹകരണ മേഖലയിലെ ആധുനികവത്ക്ക രണ നടപടികൾ ത്വരിതപ്പെടുത്തി വരുന്നതും, വാർഷിക പദ്ധതി പ്രവർത്തനങ്ങളിൽ മികച്ച നേട്ടം കൈവരിച്ചതും സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതും സംഘങ്ങൾ

....3

മുഖേന സഹകരണ മേഖലയിലൂടെ നടപ്പിലാക്കിയ ശ്രദ്ധേയമായ പദ്ധതികളാണ്.

(സി) സ്വകാര്യമേഖലയോടുള്ള ആഭിമുഖ്യം വച്ചുപുലർത്തുന്ന സർക്കാരായതിനാലാണ് സഹകരണ പ്രസ്ഥാനങ്ങളോട് മുഖം തിരിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ?

(സി) സ്വകാര്യ മേഖലയോട് ആഭിമുഖ്യം പുലർത്തുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. സഹകരണ പ്രസ്ഥാനത്തോട് മുൻപത്തേക്കാൾ ഏറെ ആഭിമുഖ്യം ഉണ്ടെന്നാണ് സഹകരണ മേഖലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും ചൂണ്ടിക്കാട്ടുന്നത്.

**സെക്ഷൻ ഓഫീസർ**